**Kudumbashree**
*State Poverty Eradication Mission*
Local Self Govt. Department, Govt. of Kerala

1237/സി/2014/കെഎസ്എച്ച്ഒ

14.11.2016

## സർക്കുലർ

വിഷയം: കുടുംബശ്രീ - എൻ.ആർ.എൽ.എം. - വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കുടുംബശ്രീയിൽ ഇന്ന് 2,58,035 അയൽക്കൂട്ടങ്ങളിലായി 39,42,655 കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അവരുടെ അടിയന്തിര ഉപഭോഗ ആവശ്യങ്ങൾ, കുടുംബാംഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള കടബാധ്യതകൾ തീർപ്പാക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പിന്തുണ നൽകുകയെന്നത് കുടുംബശ്രീ മിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതാണ്. ദേശീയ ഉപജീവന മിഷന്റെ ഭാഗമായി കുടുംബശ്രീക്ക് ലഭ്യമായിട്ടുള്ള റിവോൾവിംഗ് ഫണ്ട്, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മന്റ് ഫണ്ട് എന്നീ പിന്തുണകൾ ഒരു പരിധിവരെ അയൽക്കൂട്ട അംഗങ്ങളുടെ ഇത്തരം ആവശ്യങ്ങൾ പരിഹരിക്കുന്നതിനു സഹായകരമാകും.

അയൽക്കൂട്ടങ്ങൾ നേരിടേണ്ടി വരുന്ന ആകസ്മിക പ്രശ്നങ്ങൾ, അതായത് അസുഖം, അപകടം, പ്രകൃതി ദുരന്തം, പട്ടിണി തുടങ്ങിയവയ്ക്കുള്ള അടിയന്തിര സഹായമെന്ന നിലയ്ക്ക് എഡിഎസ് മുഖാന്തിരം നൽകി വരുന്ന ഫണ്ടാണ് വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്. ഇത് അയൽക്കൂട്ടത്തിലെ ഒരു അംഗത്തിനോ അയൽക്കൂട്ടാംഗങ്ങൾക്ക് മുഴുവനായോ നൽകാവുന്നതാണ്. കോസ്റ്റൽ, ട്രൈബൽ മേഖലയിലെ എഡിഎസ്നു വിആർഎഫ് നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്.

**വിആർഎഫ് ആയി അനുവദിക്കാവുന്ന തുക:-**

ഒരു അയൽക്കൂട്ടത്തിന് 15,000/- രൂപ നൽകാവുന്നതാണ്. വിആർഎഫ് തുക ജില്ലാ മിഷൻ രണ്ടു ഗഡുക്കളായി എഡിഎസ് ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകേണ്ടതാണ്.

- ആദ്യ ഗഡു - 60%
- രണ്ടാം ഗഡു - 40%

എഡിഎസ്സിന് വി.ആർ.എഫ്. ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അർഹതാ മാനദണ്ഡങ്ങൾ:-

ഒന്നാം ഗഡു ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അർഹതാ മാനദണ്ഡങ്ങൾ:-

1. പ്രവർത്തനം ആരംഭിച്ച് 3 മാസം കഴിഞ്ഞ എഡിഎസ്സിനു മാത്രമേ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അർഹതയുണ്ടായിരിക്കുയുള്ളു.
2. എഡിഎസ്സിന് നിർബന്ധമായി ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്.
3. ബൈലോ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഇടവേളകളിൽ കൃത്യമായി യോഗം ചേരുന്നവയായിരിക്കണം.
4. കുടുംബശ്രീ മിഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നവയായിരിക്കണം.
5. എഡിഎസ്സിലെ മൂന്നുപേർ അടങ്ങിയ വിആർഎഫ് സബ് കമ്മിറ്റി രൂപീകരിച്ചിരിക്കണം. (എഡിഎസ്+(പ്രസിഡന്റ്/സെക്രട്ടറി/വൈസ് പ്രസിഡന്റ്) പഞ്ചായത്ത് മെമ്പർ+ആശാ വർക്കർ/എക്സ് ഓഫിഷ്യോ മെമ്പറിൽ ഒരാൾ).
6. വൾനറബിലിറ്റി റിഡക്ഷൻ പ്ലാൻ തയ്യാറാക്കിയിരിക്കണം. ഇതു പ്രകാരം എഡിഎസ്സിലെ 40% അയൽക്കൂട്ടങ്ങളെങ്കിലും വൾനറബിലിറ്റി റിഡക്ഷൻ പ്ലാനിന്റെ ഭാഗമായി വന്നിരിക്കണം.

രണ്ടാം ഗഡു ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അർഹതാ മാനദണ്ഡങ്ങൾ:-

1. കാസ് ഓഡിറ്റിംഗ് വിധേയമാക്കിയിരിക്കണം (പൂർത്തിയായിരിക്കണം)
2. ആദ്യ ഗഡുവിന്റെ 60% വിനിയോഗം അർഹതപ്പെട്ട അയൽക്കൂട്ടാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് ജില്ലാ മിഷൻ ഉറപ്പുവരുത്തേണ്ടതാണ്.
3. വിആർഎഫ് ഫണ്ട് നിലനിർത്തുന്നതിന് അയൽക്കൂട്ടങ്ങളിൽ നിന്നും ധനശേഖരണം നടത്തുക/ അഗതികൾക്ക് ഒരുനേരത്തെയെങ്കിലും ആഹാരം നല്കുക/ അയൽക്കൂട്ടത്തിൽ നിന്ന് സഹായം ലഭ്യമാകാൻ സാധ്യതയില്ലാത്ത അനാഥർ, വയോജനങ്ങൾ, അഗതികൾ തുടങ്ങിയവരെ സഹായിക്കുക. മേൽപ്പറഞ്ഞവയിൽ, രണ്ടു കാര്യങ്ങളെങ്കിലും നടപ്പിലാക്കിയ അയൽക്കൂട്ടങ്ങളുടെ എണ്ണത്തിന് ആനുപാതികമായിട്ടാണ് വിആർഎസ്സിന്റെ രണ്ടാം ഗഡു നൽകേണ്ടത്.
4. വൾനറബിലിറ്റി റിഡക്ഷൻ പ്ലാൻ- സിഡിഎസ്സിന് കീഴിൽ വരുന്ന അയൽക്കൂട്ട പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തി വിആർപി തയ്യാറാക്കേണ്ടതാണ്.

5. സിഡിഎസ്സിന്റെ എം.എഫ് സബ് കമ്മിറ്റി വിആർഎഫ്-ന്റെ ഫണ്ട് വിനിയോഗം നിരീക്ഷിക്കേണ്ടതാണ്.

**അയൽക്കൂട്ടത്തിന് വിആർഎഫ് വിതരണം ചെയ്യുന്ന രീതി.**

**ആപത്ത് ഘട്ടങ്ങൾ/അത്യാഹിത ഘട്ടങ്ങളിൽ**

1. അയൽക്കൂട്ടാംഗങ്ങൾ അതാത് അയൽക്കൂട്ടങ്ങളിൽ ആവശ്യമുന്നയിക്കേണ്ടതാണ്.
2. അയൽക്കൂട്ടം എഡിഎസ്സിലെ വിആർഎഫ് സബ് കമ്മിറ്റിയെ അടിയന്തിരമായി സമീപിക്കേണ്ടതാണ്.
3. വിആർഎഫ് സബ് കമ്മിറ്റിയും എഡിഎസ് പ്രസിഡന്റും ആവശ്യകതയുടെ ത്രീവ്രത മനസ്സിലാക്കി, പരമാവധി 5,000 രൂപ അടിയന്തിര സഹായം നല്കുകയും ചെയ്യണം.
4. തുടർന്നു വരുന്ന എഡിഎസ് യോഗത്തിൽ, പ്രസ്തുത അയൽക്കൂട്ട പ്രതിനിധി സാഹചര്യം ബോധിപ്പിക്കുകയും വിആർഎഫ് സബ് കമ്മിറ്റിയുടെ തീരുമാനം സാധുകരണം നേടേണ്ടതുമാണ്.

**മറ്റു സാഹചര്യങ്ങൾ**

1. അംഗങ്ങൾ അയൽക്കൂട്ടത്തിൽ തങ്ങളുടെ ആവശ്യമുന്നയിക്കുന്നു.
2. അയൽക്കൂട്ടം അംഗങ്ങളുടെ ആവശ്യങ്ങൾ വിലയിരുത്തി ക്രോഡീകരണം നടത്തിയ ശേഷം എഡിഎസ്സിന് സമർപ്പിക്കേണ്ടതാണ്.
6. വിആർഎഫ് സബ് കമ്മിറ്റി പ്രസ്തുത അപേക്ഷ വിലയിരുത്തി എഡിഎസ്സിന്റെ അംഗീകാരത്തിനും തുക അനുവദിക്കുന്നതിലേയ്ക്കുമായി വേണ്ടി സമർപ്പിക്കേണ്ടതാണ്. - സിഡിഎസ്സിനെ രേഖാമുലം അറിയിക്കേണ്ടതാണ്.
3. അയൽക്കൂട്ടത്തിന് തുക ലഭ്യമായി കഴിഞ്ഞാൽ, മൂന്നു ദിവസത്തിനകം അപേക്ഷ സമർപ്പിച്ച അയൽക്കൂട്ടാംഗത്തിന് ലഭ്യമാക്കേണ്ടതാണ്.

**അയൽക്കൂട്ടത്തിന്റെ പൊതുവായ ആവശ്യം**

1) അയൽക്കൂട്ടാംഗങ്ങൾ പൊതുവായി നേരിടേണ്ടിവരുന്ന ആപൽഘട്ടനിവാരത്തിനുവേണ്ടി മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളു.
2) അയൽക്കൂട്ടത്തിന്റെ അപേക്ഷ വിആർഎഫ് സബ് കമ്മിറ്റി വിലയിരുത്തിയ ശേഷം എഡിഎസ്സിന്റെ അംഗീകാരത്തിനും തുക അനുവദിക്കുന്നതിലേയ്ക്കുമായി വേണ്ടി സമർപ്പിക്കേണ്ടതാണ്.
7. എഡിഎസ് യോഗം ചേർന്ന് ഉചിതമായ തീരുമാനം കൈകൊള്ളേണ്ടതാണ്. - സിഡിഎസ്സിനെ രേഖാമുലം അറിയിക്കേണ്ടതാണ്.

ഫണ്ട് നിലനിർത്തുന്ന രീതി.

1. എഡിഎസ്സിന് ലഭ്യമാക്കുന്ന വിആർഎഫ്-ന്റെ 10% ആപൽഘട്ടങ്ങളിൽ അംഗങ്ങൾക്ക് അടിയന്തിര സഹായം നൽകുന്നതിലേയ്ക്കായി മാറ്റിവയ്ക്കേണ്ടതാണ്.
2. അയൽക്കൂട്ടത്തിന് നൽകുന്ന വിആർഎഫ് തുകയുടെ തിരിച്ചടവ് ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ എഡിഎസ് ശ്രദ്ധിക്കേണ്ടതാണ്.
3. ദുരിതാശ്വാസ നിവാരണ ഫണ്ട് ആയതിനാൽ സഹാചര്യമനുസരിച്ച് പ്രസ്തുത അയൽക്കൂട്ടമോ എഡിഎസ്സിനു കീഴിലുള്ള എല്ലാ അയൽക്കൂട്ടങ്ങളും കൂട്ടായോ തിരിച്ചടവ് നടത്താവുന്നതാണ്.
4. വിആർഎഫ് ഫണ്ട് ലഭ്യമാകുന്ന അയൽക്കൂട്ടം തിരിച്ചടവ് നടത്തുന്ന സാഹചര്യത്തിൽ അവരുടെ ഓരോ മാസത്തേയും തിരിച്ചടവ് ഗഡുക്കൾ എഡിഎസ് മുൻകൂറായി ക്രമീകരിച്ചു നൽകേണ്ടതാണ്.
5. 25 % മാത്രമേ ഗ്രാന്റായി നൽകാൻ പാടുള്ളു.75% തിരിച്ചടവ് രീതിയിൽ വിതരണം ചെയ്യേണ്ടതാണ്.
6. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തല്പരരായ കുടുംബശ്രീ അംഗങ്ങൾക്ക് വിആർഎഫ്-ലേയ്ക്ക് സംഭാവന നൽകാവുന്നതാണ്. കൂടാതെ മറ്റു സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് എഡിഎസ് മുൻകൈയെടുത്ത് കണ്ടെത്തേണ്ടതാണ്.

(ഒപ്പ്)

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. **എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും**
2. **എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)**

പകർപ്പ്

1. **അക്കൗണ്ട്സ് സെക്ഷൻ**
2. **കരുതൽ/അധികം**

അംഗീകാരത്തോടെ,

Bijumon

അക്കൗണ്ട്സ് ഓഫീസർ

## വൾനറബിലിറ്റി റിഡക്ഷൻ പ്ലാൻ

താഴെതട്ടിലുള്ള അയൽക്കൂട്ടാംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കി എഡിഎസ് തലത്തിൽ പ്രസ്തുത വാർഡിലെ ദുരിതമനുഭവിക്കുന്നവരുടെ വ്യക്തിപരവും പൊതുവായതുമായ ആവശ്യങ്ങൾ ക്രോഡീകരിച്ചാണ് വൾനറിബിലിറ്റി റിഡക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ളത്. മറ്റു വകുപ്പുകളെ കൂടി ഉൾപ്പെടുത്തി വിആർപി തയ്യാറാക്കുന്നത് മറ്റു വകുപ്പുകളിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് സഹായകരമാകും.

**വിആർപി തയ്യാറാക്കുന്നതിനുവേണ്ട വ്യവസ്ഥകൾ**

- ആരംഭിച്ച് മൂന്നുമാസം കഴിഞ്ഞ എഡിഎസ് ആയിരിക്കണം
- കുറഞ്ഞത് 80% ദുരിതമനുഭവിക്കുന്നവരെയും പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കണം.
- എഡിഎസ്സിലെ എല്ലാ അംഗങ്ങളും വിആർപി രൂപീകരണത്തിൽ പങ്കാളിത്തം വഹിക്കേണ്ടതാണ്.
- തീരദേശ അംഗ തൊഴിലാളി, മത്സ്യതൊഴിലാളി, എസ്.റ്റി കുടുംബങ്ങൾ, സ്ത്രീ ഗൃഹനാഥയായിട്ടുള്ള കുടുംബം, മാരകമായ അസുഖം ബാധിച്ച വ്യക്തി(കൾ) ഉള്ള കുടുംബം, അച്ഛനമ്മാർ നഷ്ടപ്പെട്ട കുടുംബം, കടബാധ്യതയുള്ള കുടുംബം, മറ്റു പ്രത്യേക അടിയന്തിര ദുരിത സാഹചര്യം, പ്രകൃതി ദുരന്തം, ഇവ കൂടാതെ പഞ്ചായത്തിലെ പൊതുവായ ആരോഗ്യ സ്ഥിതി, ഭക്ഷ്യസുരക്ഷ, വയോജനങ്ങളുടെ പ്രശ്നങ്ങൾ, വൈകല്ല്യമനുഭവിക്കുന്നവർ എന്നിവ കൂടി കണക്കിലെടുത്താണ് വിആർപി തയ്യാറാക്കേണ്ടത്.

**വിആർപി പ്രക്രിയ**

അയല്ക്കൂട്ടത്തിന്റെ കണക്കെഴുതി സൂക്ഷിക്കുന്ന വ്യക്തിയും എഡിഎസ് പ്രതിനിധിയുടെയും ചുമതലയിൽ ജില്ലാ മിഷൻ ഉദ്യോഗസ്ഥന്റെ ഉപദേശാനുസരണമാണ് വൾനറിബിലിറ്റി റിഡ്ക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത്.

**അയൽക്കൂട്ട തല പ്രവർത്തനം**

- അയൽക്കൂട്ട യോഗം ചേർന്ന് അംഗങ്ങളുടെ വരുമാനവും ചെലവും താരതമ്യപഠനം നടത്തി റാങ്ക് ചെയ്യേണ്ടതാണ്. കൂടുതൽ

ദുരിതമനുഭവിക്കുന്നവർക്ക് റാങ്ക് ഒന്നാണ് നൽകേണ്ടത്. ഇതനുസരിച്ച് മുഴുവൻ അംഗങ്ങളെയും റാങ്ക് ചെയ്ത് എഡിഎസിന് റിപ്പോർട്ട് ചെയ്യണം. (മാതൃക ചുവടെ ചേർക്കുന്നു)

അയൽക്കൂട്ടത്തിന്റെ പേര്:

| ക്രമ നം. | അംഗങ്ങളുടെ പേര് | ആവശ്യം | ആകെ വേണ്ടി വരുന്ന തുക | ഒപ്പ് | റാങ്ക് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

പ്രസിഡന്റിന്റെ ഒപ്പ്: സെക്രട്ടറിയുടെ ഒപ്പ്:

പ്രസിഡന്റിന്റെ പേര്: സെക്രട്ടറിയുടെ പേര്:

- അയൽക്കൂട്ടം ദുരിതമനുഭവിക്കുന്നവരെ തിരിച്ചറിഞ്ഞ് അവരുടെ വിആർപി പ്ലാൻ തയ്യാറാക്കാൻ സഹായിക്കുക.
- ഓരോ വ്യക്തിയുടെ പ്ലാൻ ക്രോഡീകരിച്ച് അയൽക്കൂട്ടത്തിന്റെ ആക്ഷൻ പ്ലാൻ തയ്യറാക്കുക.
- എഡിഎസ് പ്രതിനിധി അയൽക്കൂട്ടത്തിന്റെ പ്ലാൻ വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി എഡിഎസ്സിനു സമർപ്പിക്കുക.
- പരമാവധി 4 ദിവസം കൊണ്ട് മേൽപറഞ്ഞ പ്രക്രിയ പൂർത്തിയാക്കേണ്ടതാണ്.

എ.ഡി.എസ് തല പ്രവർത്തനം

- വാർഡിലെ മുഴുവൻ അയൽക്കൂട്ടങ്ങളിൽ നിന്നും അവരുടെ വിആർപി ശേഖരിച്ച് അയൽക്കൂട്ടങ്ങളെ റാങ്ക് ചെയ്ത് മുൻഗണനാ ക്രമത്തിൽ തയ്യാറാക്കിയ ലിസ്റ്റ് സിഡിഎസ്സിന് കൈമാറണം.
- അയൽക്കൂട്ടത്തിലെ 80 % അംഗങ്ങൾ എങ്കിലും ദുരിതം അനുഭവിക്കുന്നവരിൽ ഉൾപ്പെടുന്നെങ്കിൽ മാത്രം എഡിഎസ് അവയെ എഡിഎസ്സിന്റെ വിആർപി-യിൽ ഉൾപ്പെടുത്താൻ പാടുള്ളു.

# വൾനറബിലിറ്റി റിഡക്ഷൻ പ്ലാൻ മാതൃക

| | |
|---|---|
| എഡിഎസ്സിന്റെ പേര് | |
| പഞ്ചായത്തിന്റെ പേര് | |
| ഗ്രാമ പഞ്ചായത്തിന്റെ പേര് | |
| ബ്ലോക്കിന്റെ പേര് | |
| തീയതി | |

| അയൽക്കൂട്ടത്തിന്റെ പേര് | ആവശ്യം | കൂട്ടായ പ്രവർത്തനങ്ങളുടെ വിവരങ്ങൾ | ആകെ വേണ്ടി വരുന്ന തുക |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

അംഗീകാരത്തോടെ,

അക്കൗണ്ട്സ് ഓഫീസർ